11406
10/11/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കോവിഡ് 19 നിയന്ത്രണങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതും ഇതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30,000 കലാകരൻമാർക്ക് ധനസഹായമായി 1000/- രൂപ വീതം (ആകെ മൂന്ന് കോടി രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്

G.O.(Rt) No.3679/2020/RD തീയതി,തിരുവനന്തപുരം, 06/11/2020

പരാമർശം:- 1. 05/11/2020 തീയതിയിലെസ.ഉ(കൈ) നം.13/2020/സാം.കാ.വ. സർക്കാർ ഉത്തരവ്

2. 05/05/2020 തീയതിയിലെസ.ഉ(സാധാ) നം .2947/2020/ധനം സർക്കാർ ഉത്തരവ്

ഉത്തരവ്

പരാമർശ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോവിഡ് 19 നിയന്ത്രണങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്നതും ഇതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30000 കലാകരൻമാർക്ക് ധനസഹായമായി 1000/- രൂപ വീതം ആകെ മൂന്ന് കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

2. വിതരണത്തിന് ആവശ്യമായി വരുന്ന 3,00,00,000/- രൂപ ( മൂന്ന് കോടി രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും സാംസ്കാരിക വകുപ്പ്.ഡയറക്ടർക്ക് അനുവദിക്കേണ്ടതാണ്.

3.സാമൂഹ്യ സുരക്ഷാ പെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കുന്നവരെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ല എന്നും, സൂചന രണ്ടിലെ ഉത്തരവ് പ്രകാരമുള്ള 1000/- രൂപ ലഭിക്കുന്ന കുടുംബത്തിലെ അംഗമായ കലാകാരൻ ബാക്കി 1000/- രൂപയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കു എന്നും ,കലാകാരന്മാർക്ക് സമാശ്വാസം അനുവദിക്കുന്ന പദ്ധതിയിൽ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ആധാർ അധിഷ്ഠിത ഡി . ബി . ടി മാർഗ്ഗങ്ങൾ അവലംബിച്ച മാത്രമേ ധന സഹായം അനുവദിക്കാവൂ എന്നതും സാംസ്കാരികകാര്യ വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R SHEELA RANI
SPECIAL SECRETARY

ഡയറക്ടർ സാംസ്കാരിക വകുപ്പ്.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

സാംസ്കാരിക (സി) വകുപ്പ്

മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ (അറിവിലേക്കായി).

റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ